# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# നല്ല ശമര്യാക്കാരൻ




എഴുതിയത്: Edward Hughes
അംഗീകരിച്ചത്: Rev. Benny
ഉദാഹരണം : M. Maillot; Lazarus
തർജ്ജിമ ചെയ്യുതത്: Ruth Klassen; Sarah S.


കഥ 46-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam








കർത്താവ്
അവനോട്
“ദൈവത്തിന്റെ
ന്യായപ്രമാണം
എന്തുപറയുന്നു”
എന്നു ചോദിച്ചു.
3


ആ മനുഷ്യൻ
പറഞ്ഞു, “ദൈവത്തെയും
അയൽക്കാരനെയും
സ്നേഹിക്കുക.” പക്ഷേ,
“ആരാണ്
എന്റെ
അയൽക്കാരൻ?”
അവൻ ചോദിച്ചു.
4


ആ മനുഷ്യന്റെ ചോദ്യത്തിന് ഉത്തരം കൊടുക്കുവാൻവേണ്ടി,
യെരൂശലേമിൽ നിന്നു യെരീഹോവിലേക്ക്
പോകുന്ന വഴിയിൽ യാത്ര
ചെയ്യുന്ന ഒരു
മനുഷ്യന്റെ
കഥ പറഞ്ഞു.
5


ആ മനുഷ്യൻ കള്ളന്മാരാൽ
ആക്രമിക്കപ്പെട്ടു.
6


ആ കള്ളന്മാർ, തങ്ങൾ കണ്ട സകല വസ്തുക്കളും
മോഷ്ടിച്ചെടുത്തു. ഹതഭാഗ്യനായ ആ യാത്രക്കാരന്റെ
വസ്ത്രം കൂടെ അവർ
എടുത്തു കൊണ്ടു പോയി.
7


അവർ അവനെ വല്ലാതെ മുറിവേല്പിച്ചിരുന്നു.
അർധപ്രാണനായ അവനെ വഴിയരികിൽ
ഉപേക്ഷിച്ചിട്ട് അവർ കടന്നു കളഞ്ഞു.
8


അപ്പോൾ അതാ സന്ദർഭവശാൽ ഒരു
പുരോഹിതൻ അതുവഴി വരുന്നു.
9


നിശ്ചയമായും അദ്ദേഹം മുറിവേറ്റ ആ
മനുഷ്യനെ സഹായിച്ചേക്കും.
10


ഇല്ല, സഹായിച്ചില്ല! രക്തം വാർന്നു
പൊയ്ക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ
ആ മനുഷ്യനെ ...
11


... കണ്ടപ്പോൾ അദ്ദേഹം വഴിയുടെ
മറ്റേ വശത്തുകൂടെ നീങ്ങി
നടന്നുപോയി.
12


അധികം താമസിക്കാതെ തന്നെ മറ്റൊരാൾ
നടന്നുവരുന്നതിന്റെ കാലൊച്ച കേട്ടു. അത്
ദേവാലയത്തിൽ പുരോഹിതനെ സഹായിക്കുന്ന
ഒരു ലേവ്യൻ ആയിരുന്നു.
13


അവൻ കുനിഞ്ഞ് ആ മുറിവേറ്റ മനുഷ്യനെ നോക്കി,
എന്നിട്ട് അവനെ സഹായിക്കാതെ നടന്നുപോയി.
14


ഒടുവിലായി ഒരു ശമര്യാക്കാരനും വന്നു. ശമര്യരെ വെറുക്കുന്നവരാണ് യഹൂദന്മാർ.
15
യേശുവിന്റെ കഥ ശ്രദ്ധിച്ചുകൊണ്ടിരുന്ന ജനം പ്രതീക്ഷിച്ചു. ആ ശമര്യാക്കാരനായിരിക്കും നായകൻ എന്ന്.
16
അതേ, അവൻ തന്നെയായിരുന്നു. ശമര്യാക്കാരൻ അവനെ കരുതുകയും സഹായിക്കുകയും ചെയ്തു.
17
ആ ശമര്യാക്കാരൻ മുട്ടുകുത്തി, അപരിചിതന്റെ മുറിവുകൾ ശ്രദ്ധയോടെ വെച്ചു കെട്ടുകയും ചെയ്തു. പിന്നെയവൻ മുറിവേറ്റവനെ തന്റെ കഴുതപ്പുറത്ത് കയറ്റി കൊണ്ടുപോയി.
18
വഴിയരികെയുള്ള ഒരു സത്രത്തിൽ ആ ശമര്യാക്കാരൻ അവനെ ആക്കുകയും രാത്രി മുഴുവൻ ശുശ്രൂഷിക്കുകയും ചെയ്തു.
19
രാവിലെയായപ്പോൾ, മുറിവേറ്റ മനുഷ്യന് സൗഖ്യം വരുന്നതു വരെ അവനെ ശുശ്രൂഷിക്കേണ്ടതിനു ആവശ്യമായ പണം സത്രമുടമയ്ക്കു ശമര്യാക്കാരൻ കൊടുത്തു.
20













നല്ല ശമര്യാക്കാരൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ലൂക്കൊസ് 10

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു.
പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിനു ഈ ലോകത്തിലേക്ക് വന്നു യേശു മരിച്ച് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.